കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കരീപ്ര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി3 /1834/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി, 06/02/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരീപ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരീപ്ര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.കെ.എൽ.എം.പി3 /1834/2016 തിയ്യതി:06 /02/2017

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെകരീപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-16 മുതൽ 21-10-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24-10-16 മുതൽ 01-11-16വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | | |
| | | ശ്രീ.കെ.പി.മാത്യു റോയ് | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.എ.ശശിജോഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ഹരികൃഷ്ണൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ലീലാമണി | 1-04-2015 മുതൽ 30-11-2015 വരെ |
| | | ശ്രീ.ജെ.അശോകൻ | 1-12-2015മുതൽ 31-03-2016വരെ |
| സെക്രട്ടറി | : | ശ്രീ.ഷിബു.എസ് | 1-04-15 മുതൽ 26-07-15 വരെ |
| | | ശ്രീ.വിജയകുമാർ | 27-07-15 മുതൽ . 18-01-16FN വരെ |
| | | ശ്രീ.ഷിബു.എസ് | 18-01-16AN മുതൽ 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | | ശ്രീമതി.ലക്ഷ്മി.ജി.മോഹൻ | 01-04-15 മുതൽ 31-03-16 വരെ |
| വെറ്റിനറി സർജൻ | | ഡോ.അനിൽകുമാർ | 01-04-15മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ. | | ശ്രീ.രാജൻ ബാബു | 01-04-15 മുതൽ 31-03-16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.അനൂപ്.റ്റി | 01-04-15 മുതൽ . 31-03-16 വരെ |
| ലേഡിവില്ലേജ് എക്സ്റ്റൻഷൻഓഫീസർ | | ശ്രീമതി.ബിന്ദു.റ്റി | 1-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.സുശീലാമ്മ | 01-04-15 മുതൽ 31-03-16 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ.ബാബു | 1-04-2015 മുതൽ 31-03-2016 വരെ |
| ആയുർവേദ | | ഡോ.ഷിജി വൽസൻ | 1-04-15 മുതൽ |

| | | | |
|---|---|---|---|
| മെഡിക്കൽഓഫീസർ | | | 31-12-2015 വരെ |
| മെഡിക്കൽഓഫീസർ സി.എച്ച്.സി | | ഡോ.ജ്യോതിലാൽ | 16-12-15 മുതൽ 31-03-16 വരെ |
| മെഡിക്കൽഓഫീസർ സി.എച്ച്.സി | | ഡോ.നടാഷ | 1-04-15 മുതൽ 15-12-15 വരെ |
| ആയൂർവേദ മെഡിക്കൽഓഫീസർ | | ഡോ.രഞ്ജി .റ്റി.യോഹന്നാൻ | 01-01-16 മുതൽ 31-03-16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | അനധികൃത നിർമ്മാണങ്ങൾ-നിർമ്മാണങ്ങളുടെ കണ്ടെത്തൽ, | 2-1 |

| | | |
|---|---|---|
| | വസ്തുനികുതി പരിഷ്കരണം ബാധകമാക്കൽ എന്നിവയിൽ പിഴവുകൾ- വർഷം തോറും ലക്ഷങ്ങളുടെ നഷ്ടം | |
| 13 | അംഗീകരിച്ച അടിസ്ഥാനനിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയം- പ്രതിവർഷ നഷ്ടം 11062/- രൂപ | 2-2 |
| 14 | വസ്തു നികുതി നിർണ്ണയം -ഡേറ്റാ എൻട്രി നടപടി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച | 2-3 |
| 15 | പാർക്കിംഗിനായി മാറ്റിവച്ച ഭാഗത്തിന് വാണിജ്യാവശ്യത്തിനായി കെട്ടിട നമ്പർ അനുവദിച്ചു. | 2-4 |
| 16 | പാർപ്പിടാവശ്യത്തിനായി നമ്പർ അനുവദിച്ച കെട്ടിടം വാണിജ്യാവിശ്യത്തിനായി ഉപയോഗിക്കുന്നു-പ്രതിവർഷ നികുതി നഷ്ടം 5838/-രൂപ | 2-5 |
| 17 | ഭൂവികസനം, പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല – നഷ്ടം11992/-രൂപ | 2-6 |
| | ഭാഗം 3 | |
| 18 | സമാന്തര ചുറ്റുമതിൽ കെട്ടി അധിക ചെലവുണ്ടാക്കി, പൊട്ടിച്ചെടുത്ത പാറ നിർമ്മാണ പ്രവൃത്തിക്കുപയോഗിച്ചില്ല | 3-1 |
| 19 | ചെയ്യാത്ത പ്രവർത്തിക്ക് അളവെഴുതി തുക നൽകി | 3-2 |
| 20 | തനത് ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കിയിട്ടില്ല | 3-3 |
| 21 | ഇ.എം.ഡി റീ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-4 |
| 22 | ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് - 756888/- രൂപ തടസ്സം | 3-5 |
| 23 | പെർഫോമൻസ് ഓഡിറ്റ് വിംഗിന് തുക നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 10000/-രൂപാ തടസ്സം | 3-6 |
| 24 | പോസ്റ്റ് ഷിഫ്റ്റിംഗ് – പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചില്ല | 3-7 |

| | | |
|---|---|---|
| 25 | തൊഴിൽ രഹിത വേതനം – വിശദാംശങ്ങൾ ഹാജരാക്കിയില്ല 624720/- രൂപാ തടസ്സം | 3-8 |
| 26 | എസ്.എസ്.എ. ഗ്രാമപഞ്ചായത്ത് വിഹിതം-മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 100000/-രൂപാ ചെലവഴിച്ചു | 3-9 |
| 27 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ – മാർഗരേഖയിലെ നിർദ്ദേശങ്ങൾ പരിഗണിക്കാതെ പൊതു ടാപ്പുകൾക്കായി തുക നൽകി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 28 | വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങൽ- 104000/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല | 3-11 |
| 29 | അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി – പരീക്ഷ എഴുതിയതായി വ്യക്തമാക്കുന്ന രേഖകളില്ല | 3-12 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 13-03-2015 തിയതിയിലെ ll തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 20-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27-10-2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

വാർഷികധന കാര്യപത്രികയിലെ ന്യൂനതകൾ

1)എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2) സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

3) ബജറ്റ് ഫങ്ഷൻ- ഫങ്ഷണറി സമ്പ്രദായത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി – 24497833.62 രൂപ

വരവ് - 50103429/-രൂപ

ആകെ – 74601262.62 രൂപ

ചെലവ് – 67806502/-രൂപ

നീക്കി ബാക്കി - 6794760.62 രൂപ

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 2106450 | 4601529 | 6707979 | 6707979 | - | 100 |
| വികസന ഫണ്ട് എസ്.സി.പി. | 2181403 | 4528956 | 6710359 | 6710359 | - | 100 |
| വികസന ഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1741079 | 9403405 | 1144484 | 1144484 | - | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1838094 | 2609190 | 4447284 | 4447284 | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2396238 | 6300066 | 8696304 | 8696304 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3393000 | 2108480 | 5501480 | 5501480 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 48496 | 382996 | 431492 | 429234 | 2258 | 99 |
| ബി ഫണ്ട് | - | 28285870 | 28285870 | 28285870 | - | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 60589569 | 192 | 49030080 | 30 | 33 | 81 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 202 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3465863 | 3065586 | | |
| നികുതിയേതര വരവുകൾ | 494114 | 1288487 | | |
| മറ്റുവരവുകൾ | 415935 | 8862528 | | |
| ആകെ | 4375912 | 13216601 | (-)8840689 | 202% |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 820200 | 385 |
| കർഷക തൊഴിലാളി പെൻഷൻ | 1791600 | 2 |
| വിധവാ പെൻഷൻ | 13052960 | 206 |
| വാർദ്ധക്യകാല പെൻഷൻ | 8600190 | 236 |
| വികലാംഗ പെൻഷൻ | 3582520 | 81 |
| 50വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 258400 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 44720/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഫയലുകൾ രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പിൽ ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഉത്തരവാദിത്വം കാണിക്കുന്നില്ല. മേൽനോട്ട

ചുമതലയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.

സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ 19-05-15 ലെ ജി.ഒ.പി 187/15 ഫിൻ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല. തനത് വരവുകൾ യഥാവിധി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും നിർവഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു.

ഓഡിറ്റിന്റെ ഭാഗമായി നൽകിയ ഓഡിറ്റന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ തികഞ്ഞ അലംഭാവമാണ് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്(നിർവഹണ ഉദ്യോഗസ്ഥരുടേതൊഴികെ).

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-10-2016 | 7/16 - 09/16 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-08-07 മുതൽ 11-09-07വരെ | 1997-98 മുതൽ 2006-07വരെ | |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത നിർമ്മാണങ്ങൾ: നിർമ്മാണങ്ങളുടെ കണ്ടെത്തൽ, വസ്തുനികുതി പരിഷ്കരണം ബാധകമാക്കൽ എന്നിവയിൽ പിഴവുകൾ-വർഷം തോറും ലക്ഷങ്ങളുടെ നഷ്ടം

പഞ്ചായത്തു പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ കണ്ടെത്തുന്നതിനോ, അവയെ ഉൾപ്പെടുത്തി ചട്ട പ്രകാരം അനധികൃത നിർമ്മാണ രജിസ്റ്റർ(യു.എ രജിസ്റ്റർ) പരിപാലിക്കുന്നതിനോ, അത്തരം കെട്ടിടങ്ങൾക്ക് വസ്തുനികുതി പരിഷ്കരണം ബാധമാക്കി നിയമാനുസൃത വസ്തുനികുതി ഈടാക്കുകയോ ചെയ്യുന്നില്ല. ആയതു മൂലം വസ്തു നികുതിയിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുകയിൽ ലക്ഷങ്ങളുടെ കുറവ് സംഭവിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും, സേവനഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക്, അവ നിയമപ്രകാരം നിർമ്മിക്കപ്പെട്ടവയല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ' എന്നും, നിർമ്മാണത്തിന്റെ വർഷം ഏതെന്നും കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതും, ഇപ്രകാരം

കെട്ടിട നമ്പർ നൽകുന്നത് പഞ്ചായത്ത് രാജ് സെക്ഷൻ 235എഎ പ്രകാരമുള്ള വസ്തു നികുതി ഈടാക്കുന്നതിന് വേണ്ടി മാത്രമുള്ളതാണെന്നും, മറ്റ് യാതൊരാവശ്യത്തിനും കെട്ടിട ഉടമ ഈ നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ പുറമ്പോക്ക് ഭൂമിയിൽ നിർമിച്ചിട്ടുള്ള കെട്ടിടങ്ങൾ മാത്രമാണ് അനധികൃത നിർമ്മാണങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളത്. അനുമതി കൂടാതെയും, ചട്ടങ്ങൾ ലംഘിച്ചും നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ കണ്ടെത്തുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ പിഴയടക്കം വസ്തുനികുതി ഈടാക്കി കൊണ്ട് രജിസ്റ്റർ കാലികമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. 2015-16 വർഷം കെട്ടിട നമ്പരിങ്ങിനായി ലഭിച്ച അപേക്ഷകൾ, അവയിൽ നമ്പർ അനുവദിച്ചതും, അപേക്ഷ നിരസിക്കപ്പെട്ടതുമായ കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം.2/15.10.2016) ലഭിച്ച മറുപടി പ്രകാരം തൻ വർഷം ആകെ 223 അപേക്ഷകളാണ് കെട്ടിട നമ്പരിങ്ങിനായി ലഭിച്ചത് അതിൽ 2 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചു. എന്നാൽ ഇവക്ക് നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകുന്ന യു.എ നമ്പർ നൽകുകയോ, ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നിരസിക്കപ്പെട്ട അപേക്ഷകളുടെ പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും മേൽവിലാസവും, | അപേക്ഷ നമ്പരും, തീയതിയും | കെട്ടിടത്തിന്റെ തരവും, വിസ്തീർണ്ണവും (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം |
|---|---|---|---|---|
| 1 | ബദർസമാൻ, പേഴുംമൂട്ടിൽ ഹൗസ്, ചെറിയവെളിനല്ലൂർ | സി4/287 /17.02.16 | പാർപ്പിടം 212 | അതിരു കല്ലുകൾ വ്യക്തമല്ല |
| 2 | രാജേന്ദ്രൻ, പടിഞ്ഞാറ്റിൻ കരവീട്, നെട്ടയം | 8430/02.02.16 | പാർപ്പിടം, 55.68 | KPBR 27(5)ന്റെ ലംഘനം |

അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി യു.എ രജിസ്റ്റർ കാലികമാക്കുയും, വർഷം തോറും കെട്ടിട നമ്പരിങ്ങിനായുള്ള അപേക്ഷകളിൽ, നിയമ ലംഘനം മൂലം നിരസിക്കപ്പെടുന്ന കെട്ടിടങ്ങളും, പഞ്ചായത്തിന്റെ അനുമതി കൂടാതെ നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളും കണ്ടെത്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും അവക്കെതിരെ സ്വീകരിക്കാവുന്ന തുടർ നടപടികൾക്ക് ഭംഗം കൂടാതെ തന്നെ പുതിയ വസ്തു നികുതി പ്രകാരമുള്ള തുകയും, അതിന്റെ രണ്ടിരട്ടിയും ചേർത്ത് വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 2-2 അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം- പ്രതിവർഷം നഷ്ടമാകുന്നത് 11062/-രൂപ

പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതിനാൽ പ്രതിവർഷം നികുതിയിനത്തിൽ 11062/-രൂപ പഞ്ചായത്തിനു നഷ്ടമാകുന്നു. വാണിജ്യാവശ്യത്തിനുള്ള '200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ' എന്ന വിഭാഗത്തിൽ വരുന്ന കെട്ടിടത്തിന് അംഗീകൃത നിരക്കായ ചതുരശ്ര മീറ്ററിന് 60/-രൂപ എന്നതിനു പകരം ചതുരശ്ര മീറ്ററിന് 30/-രൂപ എന്ന നിരക്കിൽ നികുതി നിർണ്ണയിച്ചതു മൂലമാണ് ഇത്തരത്തിൽ നഷ്ടം സംഭവിച്ചിരിക്കുന്നത്.

ഗ്രാമ പഞ്ചായത്തുകളിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, സർക്കാർ പഞ്ചായത്തുകളിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ എസ്.ആർ.ഓ.36/2011-ാം നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തു പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 വ്യവസ്ഥ ചെയ്യുന്നു. ആയതു പ്രകാരം വാണിജ്യാവശ്യത്തിന് 200 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവക്ക് പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിനു 60/-രൂപായാണ്. എന്നാൽ 2015-16 വർഷത്തിൽ അസസ് ചെയ്ത ശ്രീ.ഇബ്രാഹിം കുട്ടി, കളീലഴികത്ത് പുത്തൻ വീട്, വെളിയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലക്ക് 225 ച.മീറ്റർ വിസ്തീർണ്ണമുണ്ടായിട്ടും ചതുരശ്ര മീറ്ററിന് 60/-രൂപാ എന്നതിനു പകരം ചതുരശ്ര മീറ്ററിന് 30/-രൂപാ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അപാകത ചൂണ്ടിക്കാട്ടി എൻക്വയറി(നം.4/26.10.16) നൽകിയതിനെ തുടർന്ന് സെക്രട്ടറി കെട്ടിടത്തിന്റെ നികുതി ച.മീറ്ററിന് 60/-രൂപാ നിരക്കിൽ പുനർ നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേരും, കെട്ടിട നമ്പർ | ആകെ വിസ്തീർണ്ണം(ച.മീറ്റർ) | ഈടാക്കുന്ന നികുതി (LC ഉൾപ്പെടെ) | ഈടാക്കേണ്ട നികുതി (LC ഉൾപ്പെടെ) | നഷ്ടം |
|---|---|---|---|---|---|
| 1. | ശ്രീ.ഇബ്രാഹിംകുട്ടി, കളീലഴികത്ത് പുത്തൻ വീട്,വെളിയം, xii/721 | 258.81 (കെട്ടിടത്തിന്റെ നിർമിത വിസ്തീർണ്ണം 225.01 ച. മീറ്ററാണെങ്കിലും, പാർക്കിംഗ് സ്ഥലം ആനുപാതികമായി ഉൾപ്പെടുത്തി – യാണ് ആകെ വിസ്തീർണ്ണം കണക്കാക്കി – യിരിക്കുന്നത്. വിശദ വിവരങ്ങൾ ഖ 2.4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | 8505 | 19567 | 11062 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ആകെ | | | | | | 11062 |

നികുതി നിർണ്ണയത്തിനുള്ള അടിസ്ഥാന വിവരങ്ങൾ ജീവനക്കാർ 'സഞ്ചയ' സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുമ്പോൾ ഉണ്ടാവുന്ന പിഴവുകൾ മൂലമാണ് ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കുന്നതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. ഇവിടെ മേപ്പടി കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ വിസ്തീർണ്ണത്തിന്റെ കോളത്തിൽ 225.01 ച.മീറ്റർ എന്ന് രേഖപ്പെടുത്തിയെങ്കിലും, കെട്ടിടത്തിന്റെ 'ഉപയോഗ ക്രമം' '100 ച.മീറ്ററിന് താഴെയുള്ള വാണിജ്യകെട്ടിടം' എന്നതാണ് select ചെയ്തത്. ആയതു മൂലം സോഫ്റ്റ് വെയർ '100 ച.മീറ്ററിനു താഴെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ അംഗീകരിച്ച അടിസ്ഥാന നിരക്കായ ച.മീറ്ററിന് 30/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചു. പരസ്പര വിരുദ്ധമായ 'Entry' കൾ നടത്തുമ്പോൾ അവ നിരസിച്ചു കൊണ്ടുള്ള 'Notification' സഞ്ചയ സോഫ്റ്റ് വെയർ കാണിക്കാത്തത് ഇത്തരം അപാകതകൾ ആവർത്തിക്കാൻ കാരണമാകുന്നു. അതായത് വിസ്തീർണ്ണം 200 ച.മീറ്റർ രേഖപ്പെടുത്തുകയും, ഉപയോഗക്രമം '100-ൽ താഴെയെന്ന് select ചെയ്താലും സോഫ്റ്റ് വെയർ അത് രണ്ടും അംഗീകരിക്കുകയും, ഉപയോഗക്രമത്തിനനുസരിച്ചുള്ള നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്യും.

പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ചു കൊണ്ട് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടതും, കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ സോഫ്റ്റ് വെയറിന്റെ കാര്യക്ഷമത സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ വസ്തുത, IKM നെ അറിയിക്കേണ്ടതും അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സർവ്വോപരി ഡേറ്റാ എൻട്രി നടത്തുമ്പോൾ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി നിർണ്ണയം - ഡേറ്റാ എൻട്രി നടപടി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച

2014-15, 2015-16 വർഷങ്ങളിൽ അസ്സസ് ചെയ്ത കെട്ടിടങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ പൂർണ്ണമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തുകയോ, ഡേറ്റാ എൻട്രി നടത്തിയതിൽ ചിലത് സെക്രട്ടറിയുടെ online approval ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ വസ്തു നികുതി സംബന്ധിച്ച കൃത്യമായ ഡിമാന്റ് നിർണ്ണയിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം നിലനിൽക്കുന്നു. എൻട്രി നടത്തിയതിലെ അപാകതകൾ മൂലം നികുതി നിർണ്ണയത്തിൽ പിഴവു സംഭവിക്കുകയും, പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്തിരിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം 2013-14 പ്രാബല്യത്തിൽ വാർഷിക വാടക മൂല്യത്തിനു പകരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി തുടങ്ങിയിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും, അവയെ നികുതി വാർഷിക വാടക മൂല്യത്തിൽ നിന്നും തറ വിസ്തീർണ്ണത്തിന്റെ

അടിസ്ഥാനത്തിൽ നിർണ്ണയിക്കുകയും ചെയ്യുക എന്ന ബൃഹത്തും, വെല്ലുവിളി നിറഞ്ഞതുമായ സംരംഭവുമായിരുന്നു. ആയതുമായി ബന്ധപ്പെട്ട് മാറി മാറി വന്ന ഉത്തരവുകളും, സോഫ്റ്റ് വെയർ അപ്ഡേഷനുമെല്ലാം നികുതി പരിഷ്കരണത്തിന്റെ ക്ലേശങ്ങൾ വർദ്ധിപ്പിച്ചു. ആയതിനാൽ തന്നെ നിലവിലുള്ള കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടത്തുന്നതിന് പഞ്ചായത്തുകൾക്ക് തനതുഫണ്ടിൽ നിന്ന് നിശ്ചിത തുക ചെലവഴിക്കുന്നതിനും അനുവാദം ലഭിച്ചിരുന്നു.

എന്നാൽ പുതുതായി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനോ,നികുതി നിർണ്ണയിക്കുന്നതിനോ, വിവരങ്ങൾ സഞ്ചയ സോഫ്റ്റവെയറിൽ എൻട്രി നടത്തുന്നതിനോ വസ്തുനികുതി പരിഷകരണവുമായി ബന്ധപ്പെട്ട് സാധാരണ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നില്ല. എന്നിട്ടും 2014-15, 2015-16 വർഷങ്ങളിൽ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായി സോഫ്റ്റ് വെയർ എൻട്രി നടത്തിയിട്ടില്ല. ആയതു മൂലം ഈ വർഷങ്ങളിലെ വസ്തുനികുതിയുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. ഡേറ്റാ എൻട്രി വിവരങ്ങളുടെ പുരോഗതി ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക്(നം.5/26.10.16) സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| അസസ്മെന്റ് വർഷം | ആകെ അസസ്സ്മെന്റ് | ഡേറ്റാ എൻട്രി നടത്തിയത് | ഡേറ്റാ എൻട്രി നടത്താൻ ബാക്കിയുള്ളത് |
|---|---|---|---|
| 2014-15 | 233 | 115 | 118 |
| 2015-16 | 344 | 178 | 166 |

ഡേറ്റാ എൻട്രി പൂർത്തികരിക്കാത്തതിലുപരി, ഡേറ്റാ എൻട്രി നടത്തിയതിലെ പിഴവു മൂലം നികുതി നിർണ്ണയത്തിലും അപാകത സംഭവിച്ചിട്ടുണ്ട്. (വിശദവിവരങ്ങൾ ഖ 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ആയതിനാൽ മേൽ സൂചിത വർഷങ്ങളിലെ ഡേറ്റാ എൻട്രി നടപടികൾ അടിയന്തിരമായി പൂർത്തികരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, വരും വർഷങ്ങളിലെ അസസ്സ്മെന്റുകൾ യഥാസമയം സോഫ്റ്റ് വെയറിൽ എൻട്രി നടത്തുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-4 പാർക്കിംഗിനായി മാറ്റി വെച്ച ഭാഗത്തിന് വാണിജ്യാവശ്യത്തിനായി കെട്ടിട നമ്പർ അനുവദിച്ചു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വാണിജ്യക്കെട്ടിടങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്ന പാർക്കിംഗ് പ്രദേശത്തിന് 'വാണിജ്യാവശ്യത്തിന്' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കെട്ടിട നമ്പർ അനുവദിച്ചു. നമ്പർ നേടിയെടുത്ത ശേഷം കെട്ടിടത്തിന്റെ cellar area-യിൽ പാർക്കിംഗിനായി മാറ്റി വെച്ച ഭാഗം കെട്ടിട ഉടമ കെട്ടിയടക്കുകയും, വാണിജ്യാവശ്യത്തിന് ഉപയോഗ സജ്ജമാക്കിയിരിക്കുന്നതായി ഓഡിറ്റ്

നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 പ്രകാരം കെട്ടിടങ്ങൾക്ക്, അവയുടെ വിസ്തീർണ്ണത്തിന്റെ നിശ്ചിത ശതമാനം പാർക്കിംഗിനായി മാറ്റിവെക്കണം. 2015-16 വർഷം ശ്രീ. ഇബ്രാഹിം കുട്ടി. കളീലഴികത്ത് പുത്തൻവീട്, വെളിയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ബഹുനില വാണിജ്യക്കെട്ടിടത്തിന് പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ അനുവദിച്ചിരുന്നു. കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

* Cellar – 225.01 m2

- Ground floor - 225.01 m2
- First Floor - 225.01 m2

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ cellar area-യിൽ 22 ച.മീറ്ററിൽ ഒരു കടമുറി കഴിച്ച് ബാക്കി 203 ച.മീറ്ററായിരുന്നു പാർക്കിംഗിനായി മാറ്റി വെച്ചിരുന്നത്. എന്നാൽ പഞ്ചായത്തിൽ നിന്നും നികുതി നിർണ്ണയിച്ചപ്പോൾ പാർക്കിംഗിനായി മാറ്റി വെച്ച മേപ്പടി 203 ച.മീറ്റർ ഭാഗത്തിന് 'വാണിജ്യ കെട്ടിടം' എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി നമ്പർ അനുവദിക്കുകയും(നം.XI/720), നമ്പർ നേടിയെടുത്ത ശേഷം കെട്ടിട ഉടമ പാർക്കിംഗ് ഭാഗം കെട്ടിയടച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കാവുന്ന തരത്തിൽ സജ്ജമാക്കുകയും ചെയ്തു. നിലവിൽ പഞ്ചയത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത പാർക്കിംഗ് ഭാഗം വാണിജ്യക്കെട്ടിടമാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ, ആ ഭാഗത്തിന്റെ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് നികുതി നിർണ്ണയിക്കണ- മെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പ്രസ്തു അപാകത ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (നം.11/28.10.16) ലഭിച്ച മറുപടിയിൽ 'പാർക്കിംഗ് ഏരിയയ്ക്ക് വാണിജ്യാവശ്യത്തിനായി നൽകിയ കെട്ടിട നമ്പർ റദ്ദ് ചെയ്യുകയും, ആ ഭാഗം ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പോലെ ആനുപാതികമായി മറ്റു ഭാഗങ്ങളുടെ വിസ്തീർണ്ണവും ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും' സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മറുപടി പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-5 പാർപ്പിടാവശ്യത്തിനായി നമ്പർ അനുവദിച്ച കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു - പ്രതിവർഷം നികുതി നഷ്ടം 5838/- രൂപ

പഞ്ചായത്തിൽ നിന്ന് പാർപ്പിടാവശ്യത്തിനായി നമ്പർ അനുവദിച്ച കെട്ടിടത്തിൽ, അനുമതി കൂടാതെയും, നിയമങ്ങൾ പാലിക്കാതെയും പരിവർത്തനങ്ങൾ വരുത്തി വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചിട്ടും ആയതിനെതിരെ നടപടി സ്വീകരിക്കുകയോ, അനധികൃത നിർമ്മാണ കെട്ടിടങ്ങൾക്ക് ഈടാക്കേണ്ടുന്ന പിഴയോടു കൂടിയ നികുതി

ഈടാക്കുകയോ ചെയ്യുന്നില്ല. നികുതിയിനത്തിൽ മാത്രം പ്രതിവർഷം 5838/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. അനധികൃത നിർമ്മാണ കെട്ടിടങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിലാണ് ഇത്തരത്തിൽ ഉപയോഗ ക്രമം മാറ്റിയും, നിയമം ലംഘിച്ചും നിർമ്മിച്ച കെട്ടിടം കണ്ടെത്തിയത്.

പഞ്ചായത്തിലെ അസസ്സ്മെന്റ് രേഖകൾ പ്രകാരം ശ്രീ.സലിംകുമാർ, പ്ലാവിള പുത്തൻവീട്, ഇടയ്ക്കിടം എന്ന വ്യക്തിയുടെ പേരിൽ ഇടയ്ക്കിടം വാർഡിൽ(വാർഡ് നം.3) മൂന്ന് കെട്ടിടങ്ങളാണ് ഉള്ളത്. ആയതിന്റെ പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീറ്റർ) |
|---|---|---|---|
| 1 | III/673 | വാണിജ്യം | 165 |
| 2 | III/410 | പാർപ്പിടം | 172 |
| 3 | III/409 | പാർപ്പിടം | 136 |

എന്നാൽ 28.10.2016 തീയതിയിൽ പഞ്ചായത്തിലെ ക്ലർക്ക് ശ്രീ.രാജേഷ്, LSGD ഓവർസിയർ ശ്രീ. ഫത്തഹുദ്ദീൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ മേപ്പടി സ്ഥലത്ത് III/673 എന്ന വാണിജ്യക്കെട്ടിടത്തെ കൂടാതെ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന മറ്റൊരു കെട്ടിടവും, പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന ഒരു കെട്ടിടവുമാണ് കാണാൻ സാധിച്ചിരുന്നത്. തുടർന്ന് ഓഡിറ്റ് നിർദ്ദേശ പ്രകാരം ഓവർസിയർ രണ്ടാമത്തെ വാണിജ്യക്കെട്ടിടത്തിന്റെ അളവുകൾ രേഖപ്പെടുത്തുകയും, കെട്ടിടം മുൻവശത്തുള്ള പഞ്ചായത്ത് റോഡിൽ നിന്ന് 3 മീറ്റർ ദൂരപരിധി(പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 220(ബി)) പാലിച്ചിട്ടില്ലെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടു പ്രകാരം കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം 61.74 ച.മീറ്ററാണ്. നിലവിൽ പാർപ്പിടാവശ്യത്തിനുപയോഗിക്കുന്ന ഏത് കെട്ടിടമാണ് ഇത്തരത്തിൽ പരിവർത്തനം വരുത്തിയതെന്ന് ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/01.11.2016) ലഭിച്ച മറുപടിയിൽ ' III/409-ാം നമ്പർ കെട്ടിടത്തിലാണ് പരിവർത്തനം നടത്തി ഉപയോഗ ക്രമം മാറ്റിയതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പാർപ്പിടാവശ്യത്തിൽ നിന്ന് വാണിജ്യാവശ്യത്തിലേക്ക് ഉപയോഗ ക്രമം മാറ്റിയതിലൂടെയുണ്ടായ നികുതി നഷ്ടം ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ

- കെട്ടിടത്തിന്റെ വിസ്തീർണ്ണം - 61.74 ച.മീറ്റർ
- കെട്ടിടത്തിന്റെ തരം - വാണിജ്യം

- മേഖല - പ്രാഥമികം
- റോഡിന്റെ വീതി - 1.5 മീറ്ററിൽ കൂടുതൽ
- മേൽക്കൂര - കോൺക്രീറ്റ്
- തറനിർമ്മിതി - ടൈൽസ്

പ്രസ്തുത അടിസ്ഥാന വിവരങ്ങൾ പ്രകാരം അടിസ്ഥാന നികുതിയിൻമേൽ ഇളവുകളോ, വർദ്ധനവോ വരുത്തേണ്ടതില്ല. ആയതിനാൽ ആകെ വിസ്തീർണ്ണത്തെ '100 ച.മീറ്റർ വരെയുള്ള വാണിജ്യക്കെട്ടിടങ്ങൾക്ക് ' അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ ച.മീറ്ററിന് 30/- രൂപ നിരക്കിൽ കണക്കാക്കിയ വസ്തുനികുതി ചുവടെ ചേർക്കുന്നു.

* വസ്തു നികുതി = 61.74 x 30

= 1853

- ◦ ലൈബ്രറി സെസ് @ 5% = 93
    - ആകെ വസ്തുനികുതി = 1946
    (പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി കെട്ടിടത്തിന് നിലവിൽ ഈടാക്കുന്ന നികുതി 239/- രൂപ)

എന്നാൽ പ്രസ്തുത കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) അനുശാസിക്കും പ്രകാരം റോഡിൽ നിന്ന് 3 മീറ്റർ ദൂര പരിധി പാലിച്ചിട്ടില്ല. ആയതിനാൽ മേപ്പടി കെട്ടിടത്തെ നിയമാനുസൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235aa, 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർ നിർമ്മിക്കുകയോ ചെയ്താൽ ആയതിനെതിരെ സ്വീകരിക്കേണ്ടുന്ന തുടർ നടപടികൾക്ക് ഭംഗം വരാതെ തന്നെ, ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ആയതിനാൽ നിയമാനുസൃത നികുതിയായ 1946/- രൂപയും, അതിന്റെ രണ്ടിരട്ടിയും ചേർത്ത്, ആകെ പ്രതിവർഷം 5838/- രൂപ അനധികൃത നിർമ്മാണം സംബന്ധിച്ച തുടർ നടപടികൾ പൂർത്തിയാകുന്നത് വരെ കെട്ടിട ഉടമയിൽ നിന്ന് ഈടാക്കേണ്ടതും, നടപടികളുടെ പുരോഗതി സംബന്ധിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് നടക്കുന്ന ഇത്തരം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടുന്നതാണ്.

## **2-6** <u>ഭൂവികസനം **;** പെർമിറ്റ് ഫീ ഈടാക്കിയില്ല**:** നഷ്ടം **11992/-** രൂപ</u>

നിലവിലുള്ള ഭൂമിയുടെ ഒരു ഭാഗം 20 പ്ലോട്ടുകളായി തിരിച്ച് 20 വില്ലകൾ പണികഴിപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചെങ്കിലും, പ്ളോട്ട് ഡിവിഷൻ നടത്തുന്നതിനും ഭൂമിയുടെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തിയതിനും ചട്ട പ്രകാരം ഈടാക്കേണ്ട ഭൂവികസന പെർമിറ്റ് ഫീ ഈടാക്കാത്തതിനാൽ പഞ്ചായത്തു ഫണ്ടിനു 11992/- രൂപയുടെ നഷ്ടം സംഭവിച്ചു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 2(ac) പ്രകാരം ഭൂവികസനം എന്നാൽ കാർഷികാവശ്യങ്ങൾക്കല്ലാതെ ഭൂമിയോ ജലാശയങ്ങളോ നികത്തി ഭൂമിയുടെ ഉപയോഗത്തിൽ കൊണ്ടു വരുന്നതോ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നതോ ആയ മുഖ്യ മാറ്റം അല്ലെങ്കിൽ ഭൂമിയുടെ നിലവിലുള്ള മുൻ ഉപയോഗത്തിൽ മാറ്റം വരുത്തൽ, ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ, പോലുള്ളവയുടെ വികസനങ്ങൾ എന്നർത്ഥമാകുന്നു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം അത്തരം ഭൂവികസനത്തിന് പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുക്കണം. എന്നാൽ ശ്രീ.വിശ്വനാഥൻ സുലേഖ, അരോമ കടയ്ക്കോട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 12379 ച.മീറ്റർ ആകെ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 4796.8 ച.മീറ്റർ ഭാഗം 20 പ്ലോട്ടുകളായി തിരിച്ച് അവിടെ 20 വില്ലകൾ പണിയുന്നതിന് പ്ലാൻ സമർപ്പിച്ചിരുന്നു. പ്ലോട്ട് ഡിവിഷൻ സംബന്ധിച്ച വിവരം പ്ലാനിൽ രേഖപ്പെടുത്തി-യിരുന്നെങ്കിലും ആയത് പരിഗണിക്കാതെ സെക്രട്ടറി വില്ലകൾ നിർമ്മിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റും ആയതിന്റെ ഫീസും മാത്രമാണ് അനുവദിച്ചത്. ഭൂവികസനത്തിനുള്ള പെർമിറ്റ് ഫീ ഈടാക്കാത്തതു മൂലം ഉണ്ടായ നഷ്ടം താഴെ പറയും പ്രകാരം കണക്കാക്കുന്നു.

- ആകെ പ്ലോട്ട് വിസ്തീർണ്ണം : 12379.9 ച.മീറ്റർ
- പ്ലോട്ട് വിഭജനം നടത്തിയ പ്ലോട്ടിന്റെ വിസ്തീർണ്ണം : 4796.8 ച.മീറ്റർ
- ഭൂവികസന പെർമിറ്റ് ഫീസ്സിരക്ക് : 100 ച.മീറ്ററിന്

  (1 ആർ) 250/- രൂപ
- ഈടാക്കേണ്ട പെർമിറ്റ് ഫീസ് : 4796.8/100 x 250

: 11992/- രൂപ

പ്രസ്തുത വിവരം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(നം.21/01.11.16 ക്രമ നം.1) മറുപടി ലഭിച്ചിട്ടില്ല. ചട്ട പ്രകാരം ഈടാക്കേണ്ട ഭൂവികസന പെർമിറ്റ് ഫീസായ 11992/- രൂപ ഭൂവുടമയിൽ നിന്ന് ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സമാന്തര ചുറ്റുമതിൽ കെട്ടി അധികച്ചെലവുണ്ടാക്കി - പൊട്ടിച്ചെടുത്ത പാറ നിർമ്മാണ പ്രവൃത്തിക്കുപയോഗിച്ചില്ല

'കടയ്ക്കോട് ഗവ. എൽ. പി. സ്കൂൾ കോമ്പൗണ്ട് വാൾ മെയിന്റനൻസ്' ' (SO 222/16) എന്ന പേരിൽ അംഗീകാരം ലഭിച്ച ഈ പ്രവൃത്തി DSR 2014 നിരക്കുകൾ പ്രകാരം ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹണം ചെയ്തിട്ടുള്ളത്. കോമ്പൗണ്ട് വാൾ മെയിന്റനൻസ് എന്നാണ് പ്രവൃത്തിയുടെ പേര് എങ്കിലും, സ്കൂൾ കോമ്പൗണ്ടിന്റെ താഴ്ന്ന ഭാഗം മണ്ണിട്ടു നികത്തുക, കെട്ടിടത്തിന്റെ മേൽക്കൂര നന്നാക്കുക, പ്രധാന കവാടം വലുതാക്കുന്നതിന്റെ ഭാഗമായി രണ്ടു പുതിയ തൂണുകൾ നിർമ്മിക്കുക, നിലവിലുള്ള ഗേറ്റിനു വലിപ്പം കൂട്ടുക എന്നിവയും ഈ പ്രവൃത്തിയുടെ ഭാഗമായിരുന്നു.

(1) പൊട്ടിച്ചെടുത്ത hard rock പാറകെട്ടു പ്രവൃത്തിക്ക് ഉപയോഗിച്ചില്ല

പ്രവൃത്തിയുടെ ഒന്നാം ഇനം സ്കൂൾ ഗ്രൗണ്ടിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു നിൽക്കുന്ന കട്ടിയുള്ള പാറ പൊട്ടിച്ചെടുക്കുകയായിരുന്നു. 20.15m3 hard rock പൊട്ടിച്ചെടുത്ത് അടുക്കിയിട്ടുള്ളതായി എം.ബുക്ക് നം. 107/15-16 പേജ് നം 3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥല പരിശോധനയിലും ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതേ പ്രവൃത്തിയുടെ നാലാം ഇനമായി 'Random rubble masonry with hard stone ......' 56.858 m3 ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിക്കായി പ്രവൃത്തി സ്ഥലത്ത് നിന്നുതന്നെ പൊട്ടിച്ചെടുത്ത പാറ ഉപയോഗിച്ചിരുന്നുവെങ്കിൽ 22890/- രൂപ ലാഭിക്കാമായിരുന്നു. അതായത്, DSR – 2014 7.1.1 പ്രകാരം' 'Random rubble masonry with hard stone in foundation and plinth ....'എന്ന പ്രവൃത്തിക്ക്

1m3 പാറയുടെ വില 900+ 'Through and bond stone വില 91+ കാര്യേജ് ചാർജ് 145 = 1136/m3 ആണ്.

20.15m3X1136/m3 =22890/- രൂപ ഇപ്പോൾ ഈ പാറ സ്കൂൾ കോമ്പൗണ്ടിന്റെ സ്ഥലം അപഹരിച്ച് കൂട്ടിയിട്ടിരിക്കുന്നതായി സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്(മേൽ വിവരങ്ങൾ അടങ്ങിയ സ്ഥലപരിശോധനാ റിപ്പോർട്ട് അസി. എഞ്ചിനീയർ ഒപ്പിട്ടുനൽകിയിട്ടുണ്ട്).

(2)നിലവിലുള്ള ചുറ്റുമതിലിനു സമാന്തരമായി വീണ്ടും മതിൽ കെട്ടിയ 'സാങ്കേതിക വിദ്യ'

നേരത്തേ തന്നെ പാറയും ഇഷ്ടികയും ഉപയോഗിച്ച് കെട്ടി പൂശിയെടുത്ത ബലമുള്ള ചുറ്റുമതിൽ ഉണ്ടായിരുന്ന സ്കൂൾ കോമ്പൗണ്ടിലാണ് താഴ്ന്ന ഭാഗം മണ്ണിട്ടു നിരപ്പാക്കുന്നതിനുള്ള പ്രവൃത്തി കൂടി ഉൾപ്പെടുത്തി ഈ വർഷം പ്രോജക്ട് വച്ചത്. ഇഷ്ടിക കെട്ടിയ ഭാഗത്തു മണ്ണു വീഴുന്ന സ്ഥലത്തു മാത്രം ആവശ്യമെങ്കിൽ പാറ കെട്ടി ഉയർത്തി ബലപ്പെടുത്തി മണ്ണിട്ടു നികത്തി വളരെ ചെലവു കുറഞ്ഞ രീതിയിൽ ചെയ്യാമായിരുന്ന പ്രവൃത്തിയാണ്, സ്കൂൾ ഗ്രൗണ്ടിന്റെ ഒരു വശം മുഴുവൻ നേരത്തേ ഉണ്ടായിരുന്ന മതിലിൽ നിന്നും ഏതാണ്ട് ഒരു മീറ്ററോളം ഉള്ളിലേക്കു മാറ്റി സ്കൂൾ ഗ്രൗണ്ടിന്റെ നല്ലൊരു ഭാഗവും ഉപയോഗിക്കാൻ

കഴിയാതെ പാഴാക്കിയ നിലയിൽ സമാന്തര മതിൽ കെട്ടിയിരിക്കുന്നത്! പാഴ് ചെലവു മാത്രമല്ല സ്ഥലം ഉപയോഗശൂന്യമാക്കലും കൂടിയാണ് അസാധാരണമായ ഈ പ്രവൃത്തിയിലൂടെ ഉണ്ടായിട്ടുള്ളത്. 11.30 മീറ്റർ നീളത്തിൽ രണ്ടു മതിലുകളും ഒരേ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ക്രമേണ ഉയരം കുറഞ്ഞുവരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ പാറ കെട്ടി ബലപ്പെടുത്തി മണ്ണിട്ടു നിരപ്പാക്കിയ ശേഷം ഉയരം കുറഞ്ഞ സ്ഥലത്ത് ഇഷ്ടിക ഉപയോഗിച്ച് മതിലിന്റെ ഭാഗം ഉയർത്തിയാൽ മാത്രം മതിയായിരുന്നു.

11.30 മീറ്റർ നീളത്തിൽ ഒരേ ഉയരത്തിലുള്ള ഭാഗം മതിലിനു വേണ്ടിവന്നിട്ടുള്ള ചെലവ് :-

Random rubble.... - 11.30X0.5X0.45 = 2.54m3X4834.59/m3 = 12,279.86

Solid block.......... 11.30X0.1X1.1 = 1.24m3X5308/m3 = 6,581.92

Plastering..............2X11.30X1.15 = 25.99m2X250.79/m2 =6,518.03

ആകെ = 25,380/- രൂപ.

ഖണ്ഡിക പ്രകാരമുള്ള ആകെ നഷ്ടം 22890+25380= 48270/-രൂപ
ഈ തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും, സ്കൂളിന്റെ സ്ഥലം പാഴായിപോകത്തക്ക രീതിയിൽ കെട്ടിയിട്ടുള്ള മതിലിന്റെ ഭാഗങ്ങൾ അസി. എഞ്ചിനീയറുടെ ചെലവിൽ പൊളിച്ചു നീക്കേണ്ടതുമാണ്.

പ്രവൃത്തിയുടെ ആകെ ചെലവ് = 4,99,432/- ( Bill No. 132/15-16/28-03-2016)

## 3-2 ചെയ്യാത്ത പ്രവൃത്തിക്ക് അളവെഴുതി തുക നൽകി

ഗ്രാമ പഞ്ചായത്തിലെ കടയ്ക്കോട് ഗവ. എൽ. പി. എസ്സ്. ഓഡിറ്റോറിയം പൂർത്തീകരണം എന്ന പ്രവൃത്തിക്ക് (106/16) 700000/- രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തിയുടെ 28-ാം ഇനം അളവു പുസ്തകപ്രകാരം 'Painting with Synthetic enamel, paint two coats on new iron works.....' ആണ്. ഈ പ്രവൃത്തി 798/10m2 നിരക്കിൽ 69.84m2 ചെയ്തതായി കണക്കാക്കി 5559/- രൂപ ബില്ലിൽ ഉൾപ്പെടുത്തി കൺവീനർക്കു നൽകിയിട്ടുണ്ട്. എന്നാൽ അളവുകൾ രേഖപ്പെടുത്തി ബിൽ അംഗീകരിച്ച അസി. എഞ്ചിനീയർ ശ്രീമതി ലക്ഷ്മി ജി. മോഹന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുതയിനം പ്രവൃത്തി ചെയ്തിട്ടില്ല എന്നു ബോധ്യപ്പെട്ടു(വിവരങ്ങൾ ഉൾപ്പെടുത്തിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ അസി. എഞ്ചിനീയർ ഒപ്പു വച്ചു നൽകിയിട്ടുണ്ട്). ചെയ്തിട്ടുള്ള പ്രവൃത്തികൾ കണ്ട് ബോധ്യപ്പെട്ടല്ല പലപ്പോഴും അളവുകൾ രേഖപ്പെടുത്തുന്നത് എന്നതിനു ഒരുദാഹരണമാണ് ഈ സംഭവം.

കൺവീനർ - K.S. മഞ്ജു (ഹെഡ്മിസ്ട്രസ്, കടയ്ക്കോട് എൽ.പി.എസ്സ്.)

എഗ്രിമെന്റ് - 83/AE/FC/NRMG-OF/14-15 dated, 17-03-2015

എം.ബുക്ക് - 90/15-16

ചെലവ് - 6,79,145/-രൂപ (ബിൽ നം. 27/15-16/22-09-2015)

പ്രസ്തുതയിനം പ്രവൃത്തി അസി.എക്സി.എഞ്ചിനീയറുടെ മേൽനോട്ടത്തിൽ തൃപ്തികരമായി

പൂർത്തീകരിക്കുകയും അതിനായി വേണ്ടി വരുന്ന മുഴുവൻ ചെലവും പ്രവൃത്തിക്കു മേൽനോട്ടം നടത്താൻ ഉത്തരവാദിത്വമുണ്ടായിരുന്ന അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 3-3 തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കിയിട്ടില്ല

2015-ലെ പൊതുതെരെഞ്ഞെടുപ്പിന്റെ ഭാഗമായി ഫോട്ടോ പതിച്ച വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് വേണ്ടി ഫീൽഡ് വേരിഫിക്കേഷൻ നടത്തിയ 19 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക്(HVO) ഹോണറേറിയം ഇനത്തിൽ 1500/- രൂപ നിരക്കിൽ തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മിഷൻ വിഹിതം നാളിതുവരെയും തിരികെ ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 28.10.14 ലെ 552/14/SE നമ്പർ ഉത്തരവ് പ്രകാരം ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 2000/-രൂപ ഹോണറേറിയം അനുവദിച്ചിരുന്നു. ഇതിൽ 500/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനവും, 1500/-രൂപ ഇലക്ഷൻ കമ്മീഷനും നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കാൻ കാലതാമസം വരുമെന്നതിനാൽ ആയതു കൂടി താൽകാലികമായി പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് 1500/-രൂപ നിരക്കിലുള്ള തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് റീംബേഴ്സ് ചെയ്തു നൽകുന്ന-താണെന്നും സംസ്ഥാന തെരെഞ്ഞടുപ്പ് കമ്മീഷൻ 21.03.15 ലെ 2614/എഫ്/14 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 19 HVO മാർക്ക് 2000 രൂപ/- നിരക്കിൽ 38000/-രൂപ തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്തു(07-05-15 തീയതിയിലെ 27581 മുതൽ 27599 വരെയുള്ള ചെക്കുകൾ). എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം നാളിതുവരെയായി റീഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല. നാളിതുവരെയായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് ഓഡിറ്റന്വേഷണത്തിന് (നം.7/27-10-16) മറുപടി ലഭ്യമാക്കിയിട്ടില്ല. 19 HVOമാർക്ക് 1500/- രൂപ നിരക്കിൽ നല്കിയ 28500/-രൂപ തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഇ.എം.ഡി റീഫണ്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബയോ ഫ്ളെയിം എന്ന സ്ഥാപനം അടവാക്കിയ ഇ.എം.ഡി തുകയായ 16650/-രൂപ (രസീത് നം. 11402106242/4-02-15 - 5400/-രൂപ, 11402106243/4-02-15 - 11250/- രൂപ), സ്ഥാപനം എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടില്ലാത്തതിനാൽ വൗച്ചർ നം. 21500938/ 28-01-16 പ്രകാരം(ചെക്ക് നം. 36034/28-01-16) തിരികെ നൽകിയിരുന്നു. പഞ്ചായത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി റീഫണ്ട് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുക തിരികെ നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി തീർപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നമ്പർ. 18 തീയതി: 1-11-16 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യം സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിയൊരുക്കും എന്നതിനാൽ രജിസ്റ്റർ തയ്യാറാക്കി

രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും രജിസ്റ്റർ സൂക്ഷിക്കാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-5 ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്-756888/- തടസ്സം

2015-16 വർഷം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ പ്രതിമാസം 19849/- രൂപ നിരക്കിൽ 2314188/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പെരുമ്പുഴ ഇലക്ട്രിക് സെക്ഷൻ, അസി.എഞ്ചിനീയർ നൽകിയ BB/2015-16/ streetlight/dtd 29-12-15 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വിവിധയിനം തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | സിംഗിൾട്യൂബ്സെറ്റ് | 1638 | 61 | 99918 |
| 2 | ഡബിൾ ട്യൂബ്സെറ്റ് | 217 | 124 | 26908 |
| 3 | ഓർഡിനറിബൾബ്(40W) | 1034 | 61 | 63074 |
| 4 | സോഡിയംവേപ്പർലാംപ് | 1 | 247 | 247 |
| 5 | സി.എഫ്.എൽ 15W | 32 | 7 | 224 |
| 6 | സി.എഫ്.എൽ 20W | 177 | 14 | 2478 |

2013-14, 14-15, 15-16 വർഷങ്ങളിലെ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ വർഷങ്ങളിലോ തൊട്ട് മുൻപുള്ള വർഷങ്ങളിലോ ഓർഡിനറി ബൾബ്(40W) വാങ്ങിയതായി രേഖകളില്ല. പകരം സി.എഫ്.എൽ ബൾബുകളാണ് വാങ്ങിയിട്ടുള്ളതും ഉപയോഗിച്ച് വരുന്നതും. ടി വിവരം കെ.എസ്.ഇ.ബിയിലെ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി ഓർഡിനറി ബൾബിന് ഈടാക്കുന്ന കറന്റ് ചാർജ് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തി കെ.എസ്.ഇ.ബിയിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതും കെ.എസ്.ഇ.ബി അധികൃതരുമായി നടത്തിയ കത്തിടപാടുകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റന്വേഷണം നമ്പർ 17 തീയതി 31-10-16 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ നിലവിലില്ലാത്ത ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജിനത്തിൽ ചെലവഴിച്ച 756888/- രൂപ(12x63074) തടസ്സപ്പെടുത്തുന്നു. ഉപയോഗിക്കാത്ത ഹോൾഡറുകൾ നിലവിലുണ്ടെങ്കിൽ ഡിസ്മാന്റിൽ ചെയ്യുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് തനത്ഫണ്ടിൽ നിന്നുള്ള വരുമാനചോർച്ച തടയേണ്ടതാണ്.

## 3-6 പെർഫോമൻസ് ഓഡിറ്റ് വിംഗിന് തുക നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല 10000/- രൂപാതടസ്സപ്പെടുത്തുന്നു

സ.ഉ(എം.എസ്)നം.188/15/ത.സ്വ.ഭ.വ തീയതി 8-06-15 ന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര പെർഫോമൻസ് ഓഡിറ്റ് വിംഗ് നവീകരണത്തിനായി 10000/- രൂപ (ചെക്ക് നം. 4303756 തീയതി 17-03-16) പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റന്വേഷണം നം. 15 തീയതി 31-10-16 പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 10000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-7 പോസ്റ്റ് ഷിഫ്റ്റിംഗ്-പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചില്ല

2015-16ൽ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി പ്രോജക്ട് നം. 237/16 പ്രകാരം 50000/-രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. പരിശോധനയ്ക്ക് ഹാജരാക്കിയ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരവും സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ പ്രകാരവും പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല.

എന്നാൽ തനത് ഫണ്ട് ചെലവുകളുടെ പരിശോധനയിൽ കമ്മിറ്റി തീരുമാന പ്രകാരം 54046/- രൂപ താഴെ പറയും പ്രകാരം പോസ്റ്റ് ഷിഫ്റ്റിംഗിനായി ചെലവഴിച്ചിരിക്കുന്നു.

| ചെക്ക് നം / തീയതി | തുക |
|---|---|
| 35349 / 29-06-15 | 7836 |
| 35434 / 1-08-15 | 9838 |
| 35434 /1-08-15 | 6332 |
| 35434 / 1-08-15 | 13624 |
| 35699/ 22-08-15 | 5360 |
| 32659 / 28-09-15 | 5579 |
| 32922 / 8-10-15 | 5477 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റന്വേഷണം നമ്പർ 15/ 31-10-16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 തൊഴിൽരഹിതവേതനം -വിശദാംശങ്ങൾ ഹാജരാക്കിയില്ല 6,24,720/-രൂപ തടസ്സം

സെക്രട്ടറിയുടെ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ രഹിത വേതന വിതരണത്തിനായി താഴെപ്പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമനം | ബിൽ നം തീയതി | തുക |
|---|---|---|
| 1 | 6/15-16 21-08-2016 | 462000 |
| 2 | 16/15-16 26-02-2016 | 162720 |

385 പേർക്ക് 9/2014 മുതൽ 6/2015 വരെയുള്ള 10 മാസത്തെ തൊഴിൽ രഹിത വേതനം നൽകുവാനായി 462000/-രൂപ പിൻവലിച്ചതിന്റെ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്.

മേൽ ബിൽ പ്രകാരം പിൻവലിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തീയതി, പിൻവലിച്ച തുകയുടെ വിതരണ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റന്വേഷണം നമ്പർ 23/01-11-2016 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും രേഖകളോ മറുപടിയോ ഹാജരാക്കിയില്ല.

മേൽ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 6,24,720/-രൂപ രേഖകൾ ഹാജരാക്കും വരെ തടസ്സത്തിൽ വയ്ക്കുന്നു.

### **3-9** എസ്.എസ്.എ ഗ്രാമ പഞ്ചായത്ത് വിഹിതം-മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് **100000/-**രൂപ ചെലവഴിച്ചു.

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതമൊടുക്കൽ എന്ന പ്രോജക്ടിൽ (നമ്പർ44/2015-16) പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗം സംബന്ധമായ മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ 100000/-രൂപ ചെലവഴിച്ചു.

വിദ്യാലയങ്ങളിലെ പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ എസ്.എസ്.എ ഫണ്ട് വകയിരുത്താവുന്നതാണെന്നും ആയതിലേക്ക് ഓരോ സ്കൂളിലെയും ഓരോ വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്നും 16.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 362/2013 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ പുതുക്കിയ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കെയാണ് പ്രത്യേക ഘടക പദ്ധതി വിഭാഗം കുട്ടികളുടെ എണ്ണം സംബന്ധിച്ച രേഖകൾ തയ്യാറാക്കാതെ 19.01.2016 ലെ ബിൽ നമ്പർ.5/15-16 പ്രകാരം പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്നും 100000/- രൂപ ചെലവഴിച്ചിരിക്കുന്നത്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറി നം.

22നുള്ള മറുപടിയിൽ പദ്ധതി നിർവഹണ ഘട്ടത്തിൽ വിദ്യാലയങ്ങളിൽ നിന്നും പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക് ശേഖരിച്ചിരുന്നില്ലായെന്നും പ്രസ്തുതഘട്ടത്തിലെ ടി കുട്ടികളുടെ എണ്ണം ഉടൻ തന്നെ ശേഖരിച്ച് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.പ്രസ്തുത മറുപടി പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിന്റെ വിനിയോഗത്തെ സാധൂകരിയ്ക്കുന്നതല്ല. മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് ചെലവഴിച്ച 100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്കൂൾ പ്രഥമാദ്ധ്യാപകരുടെ സാക്ഷ്യപത്രത്തിന്റ അടിസ്ഥാനത്തിൽ ഓരോ വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും കണക്കാക്കി പൊതു വിഭാഗം വികസന ഫണ്ടിന് പകരമായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് ക്രമരഹിതമായി ചെലവഴിച്ചിട്ടുണ്ടെങ്കിൽ വികസന ഫണ്ടിൽ നിന്ന് പ്രത്യേക ഘടക പദ്ധതി ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച് തടസം ഒഴിവാക്കേണ്ടതാണ്.

## 3-10 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -മാർഗരേഖയിലെ നിർദേശങ്ങൾ പരിഗണിക്കാതെ പൊതു ടാപ്പുകൾക്കായി തുക നൽകി, പദ്ധതി പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്റ്റിനായി (നമ്പർ 7/15-16)കേരളാ വാട്ടർഅതോറിറ്റി തയ്യാറാക്കി നൽകിയ 700000/- രൂപയുടെ എസ്റ്റിമേറ്റിനെ ആധാരമാക്കി 28-03-16 ലെ ബിൽ നം.23/15-16 പ്രകാരം 700000/- രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിലെ ഇനം നം. 7 പ്രകാരം 65mm GI Pipe providing street tap/individual tap for each house using RCC fountain including cost of labour charges, earth work excavations, conveyance of materials & cost of fittings etc complete 16 nos @ 4673.09 for 1 Nos എന്ന് രേഖപ്പെടുത്തി ആയതിലേയ്ക്ക് 74769/- രൂപ വകയിരുത്തിയിട്ടുണ്ട്.

16-11-2013 ലെ ജി.ഒ.(എം.എസ്) നം. 362/13/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പദ്ധതി ആസൂത്രണ/ സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 7.12(3) പ്രകാരം പൊതു ടാപ്പുകൾ നൽകുവാൻ പാടില്ലായെന്നും ഹൗസ് കണക്ഷൻ എടുക്കുന്ന പ്രവർത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണമെന്നും വ്യക്തമാക്കിയിരിക്കെയാണ് ഇനം നം. 7 പ്രകാരം 74769/- രൂപ ചെലവഴിച്ചിരിക്കുന്നത്.

ഗ്രാമ പഞ്ചായത്തിലെ 11 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി പ്രകാരം പണി പൂർത്തീകരിച്ചതായി വ്യക്തമാക്കുന്ന രേഖകളുമില്ല.

മേൽ സൂചന അപാകതകളിൻമേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റന്വേഷണം നം. 23 ന് വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും സ്ട്രീറ്റ് ടാപ്പുകളുടെ തുക ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും ആയത് ഒഴിവാക്കി പ്രവർത്തി നിർവ്വഹണം നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ആസൂത്രണ/ സബ്സിഡി മാർഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി നിക്ഷേപിച്ച 74769/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതി പൂർത്തീകരിക്കപ്പെടാത്ത

സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിൽ ശേഷിക്കുന്ന 625231/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് അളവ് പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

**3-11** <u>വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുവാങ്ങൽ-**1,04000/--**രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.</u>

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ സാന്ത്വന പരിചരണ പരിപാടി(പ്രോ.നം.27/16)എന്ന പ്രോജക്ട് പ്രകാരം ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 200000/-രൂപയിൽ നിന്നും 104000/-രൂപ 29-04-16 ലെ PRF 41 നമ്പർ പ്രൊഫോർമ ഇൻവോയ്സിനെ ആധാരമാക്കി 02-05-16 ലെ ഡി.ഡി.നം. 863096 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാകത്തതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധമായ രേഖാമൂലമുള്ള മറുപടി ഓഡിറ്റന്വേഷണം നം. 6/27-10-16 മുഖേനെ ആവശ്യപ്പെട്ടപ്പോൾ 2014-15 വർഷം ഒടുക്കിയ 225000/- രൂപയിൽ 11987/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ടെന്നും തൻ വർഷം ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ യാതൊന്നും തന്നെ ലഭ്യമായിട്ടില്ലായെന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ലഭ്യമാകാത്ത മരുന്നുകളുടെ വിലയിനത്തിൽ തൻവർഷം ഒടുക്കിയ 1,04,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുൻ വർഷത്തേതുൾപ്പെടെയുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്

**3-12** <u>അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി - പരീക്ഷ എഴുതിയതായി വ്യക്തമാക്കുന്ന രേഖകളില്ല.</u>

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി എന്ന പ്രോജക്ടിനായി(നമ്പർ 43/16) 25/08/2015 ലെ ബിൽ നമ്പർ 01 പ്രകാരം 45840/- രൂപ പിൻവലിക്കുകയും നൂറ് പഠിതാക്കൾക്ക് പുസ്തകം വാങ്ങുകകയും പരിശീലനം നൽകുകയും ചെയ്യുന്നതിനയി ചെലവഴിക്കുകയും ചെയ്തെങ്കിലും പ്രസ്തുത പഠിതാക്കൾ പരീക്ഷ എഴുതിയതായി വ്യക്തമാക്കുന്ന രേഖകളില്ല.

മേൽ സൂചന അപാകതയിൽ വിശദികരണം നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/01.11.2016 ന് പഠിതാക്കളുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പദ്ധതി കോ ഓർഡിനേറ്ററിൽ നിന്ന് ശേഖരിച്ച് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. പരീക്ഷാ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 45840/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

**4-1** <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 99000 | സമഗ്രനെൽകൃഷി | 99000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 45150 | സമഗ്രപുരയിടകൃഷി | 45150 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 50000 | സമഗ്രവാഴകൃഷി | 50000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 117562 | നാളികേരവികസനം | 117562 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 200000 | പാലിയേറ്റീവ് കെയർ | 200000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 80910 | അംഗനവാടികൾക്ക് ഗ്യാസ് കണക്ഷൻ | 80910 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 50000 | ശാരീരികമാനസികവെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 165000 | സമഗ്രനെൽകൃഷി വികസനം | 165000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 100000 | ഭിന്നശേഷിയുള്ളവർക്ക് സഹായഉപകരണം | 100000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 50000 | ശാരീരികമാനസികവെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 7/16 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1109/16 തീയതി.29-03-16 | 700000 | 700000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവനപദ്ധതി | സ.ഉ.306/11dt. 7-12-11 | 16093500 | 4707250 | 2176767 | 593894 | 2530483 |

.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-2 | 2008-09 | 3-5.4 | അക്ഷയ പരിശീലനപദ്ധതി- പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ | |
| സ്പെഷ്യൽഓഡിറ്റ് | | 2013-14 | 4-3 | ബാങ്കിൽഒടുക്കാതെ | |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട്2013-14 | | | | 10ലക്ഷത്തിലേറെ രൂപാ അപഹരിച്ചു | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74601262.62 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67806502 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 28892 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 128598 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2266679 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 11062 | | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 2-5 | 5838 | | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 2-6 | 11992 | | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 3-1 | | 48270 | ശ്രീമതി.ലക്ഷ്മി .ജി.മോഹൻ, അസി.എഞ്ചിനീയർ |
| 3-2 | | 5559 | ശ്രീമതി.ലക്ഷ്മി .ജി.മോഹൻ, അസി.എഞ്ചിനീയർ |
| 3-10 | | 74769 | ശ്രീ.ഷിബു.എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 16650 | ശ്രീ.ഷിബു.എസ്, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 378444 | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 3-5 | 378444 | ശ്രീ.വിജയകുമാർ, സെക്രട്ടറി |
| 3-6 | 10000 | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 3-8 | 462000 | ശ്രീ.വിജയകുമാർ, സെക്രട്ടറി |
| 3-8 | 162720 | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 3-9 | 100000 | ശ്രീ.ബാബു, ഹെഡ് മാസ്റ്റർ |
| 3-10 | 625231 | ശ്രീ.ഷിബു.എസ്, സെക്രട്ടറി |
| 3-11 | 104000 | ഡോ.ജ്യോതിലാൽ |
| 3-12 | 45840 | ശ്രീ.ബാബു, ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിബു.എസ്, സെക്രട്ടറി | സെക്രട്ടറി, കരീപ്രഗ്രാമപഞ്ചായത്ത് | നികുഞ്ജം, കാരുവേലിൽ പി.ഒ, കൊല്ലം |
| ശ്രീമതി.ലക്ഷ്മി .ജി.മോഹൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കരീപ്ര ഗ്രാമപഞ്ചായത്ത് | കണ്ടംചാലിൽ, കിളികൊല്ലൂർപി.ഒ, കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFQP3.1391/14 24-06-14 | 12 |
| 1997-98 | LFQP3.1391/14 24-06-14 | 24 |
| 1998-99 | LFQP3.1391/14 24-06-14 | 16 |
| 1999-2000 | LFQP3.1391/14 24-06-14 | 9 |
| 2000-01 | LFQP3.1391/14 24-06-14 | 3 |
| 2001-02 | LFQP3.1391/14 24-06-14 | 3 |
| 2002-03 | LFQP3.1391/14 24-06-14 | 3 |
| 2003-04 | LFQP3.1391/14 24-06-14 | 12 |
| 2004-05 | LFQP3.1391/14 24-06-14 | 10 |
| 2005-06 | LFQP3.1391/14 24-06-14 | 10 |
| 2006-07 | LFQP3.1391/14 24-06-14 | 10 |
| 2007-08 | LFQP3.1391/14 24-06-14 | 14 |
| 2008-09 | LFQP3.1391/14 24-06-14 | 16 |
| 2009-10 | LFQP3.1391/14 24-06-14 | 15 |
| 2010-11 | LFQP3.1391/14 24-06-14 | 12 |
| 2011-12 | LFQP3.1038/13 30-11-13 | |
| 2012-13 | LFQP3.1426/14 18-10-14 | |
| 2013-14<br>2014-15 | KSA.KLM.P3.783/16 26-05-16 | |

ഡെപ്യൂട്ടി ഡയറക്ടർ.

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** <u>സാക്ഷ്യപത്രം</u>
കെ.എസ്.എ. കെ.എൽ.എം - പി.3/1834 / 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –06/02/2017

1994- ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കരിപ്ര ഗ്രാമ പഞ്ചായത്തിൻെറ 2015—16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിൻെറ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.